"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - പാലക്കാട് കൊല്ലങ്കൊട് ബി.എസ്.എസ് ഹയർ സെക്കണ്ടറി സ്കൂളിലെ യു.പി.എസ്.ടി ശ്രീമതി. ദിവ്യ ബി. യുടെ നിയമനാംഗീകാരം സംബന്ധിച്ച പുന:പരിശോധന ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസം (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.3964/2026/GEDN** തീയതി,തിരുവനന്തപുരം, 16-06-2026

---

പരാമർശം:-

1. സ.ഉ. (കൈ) നം. 54/2024/പൊ.വി.വ, തീയതി 01/06/2024
2. ശ്രീമതി. ദിവ്യ ബി., യു.പി.എസ്.ടി. 02/07/2025 തീയതി കത്ത് മുഖേന സമർപ്പിച്ച പുന:പരിശോധന ഹർജി.
3. പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 22/08/2025 തീയതിയിലെ DEOPKD/395/2025-B3 നമ്പർ കത്ത്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 23/08/2025 തീയതിയിലെ ഇഎം1/17083/2025/ഡി.ജി.ഇ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ കൊല്ലങ്കൊട് ബി.എസ്.എസ്. ഹയർ സെക്കണ്ടറി സ്കൂളിലെ യു.പി.എസ്.ടി. ശ്രീമതി. ദിവ്യ ബി യുടെ നിയമനാംഗീകാരം സംബന്ധിച്ച് പരാമർശം (2) പുന:പരിശോധന ഹർജിയിൽ ബന്ധപ്പെട്ട കക്ഷികളുടെ വാദം കേട്ടു.

**2. പുന:പരിശോധന ഹർജിയിലെ വിഷയം ഇപ്രകാരമായിരുന്നു :**

ശ്രീമതി. ദിവ്യ ബി 01/06/2018 മുതൽ കൊല്ലങ്കോട് ബി.എസ്.എസ്.എച്ച്.എസ്.എസ്സ്-ൽ യു.പി.എസ്.ടി തസ്തികയിൽ ജോലി ചെയ്തു വരുന്നു. ഇതേ സ്കൂളിൽ യു.പി.എസ്.ടി.യായി ജോലി ചെയ്തിരുന്ന ശ്രീ. ആർ. ഗോപകുമാറിനെ 01/06/2017-ന് എച്ച്.എസ്.ടി (ഗണിതം) തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയത് മൂലമുള്ള ഒഴിവിലാണ് മാനേജർ ടിയാളെ നിയമിച്ചത്. എച്ച്.എസ്.ടി (ഗണിതം) തസ്തികയിലെ സീനിയർ നിയമനാർത്ഥിയായ ശ്രീ. അരുൺ ബാബുവിന്റെ നിയമനം അംഗീകരിച്ച് നൽകാത്തതിനാൽ ശ്രീ. ആർ. ഗോപകുമാറിന്റെ എച്ച്.എസ്.ടി (ഗണിതം) തസ്തികയിലെ നിയമനം നിരസിച്ചു നൽകിയതിനാൽ യു.പി.എസ്.ടി തസ്തികയിൽ വ്യവസ്ഥാപിതമായ ഒഴിവില്ല എന്ന കാരണത്താൽ ടിയാളുടെ നിയമനം നിരസിച്ച് നൽകിരിക്കുകയാണ്. ടിയാളുടെ 01/06/2018 മുതലുള്ള യു.പി.എസ്.ടി തസ്തികയിലെ നിയമനം നിരസിച്ചതിന്മേൽ വിവിധ തലങ്ങളിൽ അപ്പീൽ സമർപ്പിച്ചിരുന്നുവെങ്കിലും ആയതും നിരസിച്ച് നൽകുകയുണ്ടായി.

കൊല്ലങ്കോട് ബി.എസ്.എസ് ഹൈസ്കൂളിലെ എച്ച്.എസ്.ടി (ഗണിതം) ആയ ശ്രീ. കെ. എം. ശ്യാമയുടെ 06/06/2014 മുതൽ 05/06/2019 വരെയുള്ള അവധി ഒഴിവിലേക്ക് ടി സ്കൂളിലെ യു.പി.എസ്.ടി ആയ ശ്രീ. ആർ. ഗോപകുമാറിനെ 01/06/2017 മുതൽ 05/06/2019 വരെ എച്ച്.എസ്.ടി (ഗണിതം) ആയി നിയമിച്ച് മാനേജർ അംഗീകാരത്തിനായി ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത നിയമനാംഗീകാര അപേക്ഷ നിരസിക്കുവാനായി പറഞ്ഞിരിക്കുന്ന കാരണങ്ങൾ ചുവടെപ്പറയുന്നു :-

1. ബി.എസ്.എസ് എഡ്യൂക്കേഷൻ സൊസൈറ്റിയുടെ കീഴിലുള്ള സ്കൂളുകളിലെ 01/01/2017 തസ്തികയിലെ സംയോജിത സീനിയോറിറ്റി ലിസ്റ്റ് ഹാജരാക്കിയിട്ടില്ല.
2. ടി മാനേജ്മെന്റിന് കീഴിലുള്ള യോഗിനി മാതാ ഗേൾസ് ഹൈസ്കൂളിലെ സീനിയർ 51 (എ) അവകാശിയായ ശ്രീ. അരുൺ ബാബുവിന്റെ എച്ച്.എസ്.ടി ഗണിതം ആയിട്ടുള്ള 1.6.2017-ലെ നിയമനം നിരസിച്ച് നൽകിയിട്ടുണ്ട്. ആയതിനാൽ ശ്രീ.ആർ. ഗോപകുമാറിന്റെ നിയമനം വ്യവസ്ഥാപിതമായ ഒഴിവിലല്ലാത്തതിനാൽ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

മേൽപ്പറഞ്ഞ കാരണങ്ങളാൽ പാലക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസറുടെ 02/11/2017 തീയതിയിലെ ബി3/3267/2017 നമ്പർ നടപടി ഉത്തരവ് പ്രകാരം നിയമനാംഗീകാരം നിരസിക്കുകയുണ്ടായത്.

01/01/2022 വരെയുള്ള ബി.എസ്.എസ് എഡ്യൂക്കേഷൻ സൊസൈറ്റിയുടെ കീഴിലുള്ള സംയോജിത സീനിയോറിറ്റി ലിസ്റ്റ് പാലക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസർ അന്തിമമായി അംഗീകരിച്ചിട്ടുണ്ട്. കൂടാതെ ശ്രീ.അരുൺ ബാബുവിന്റെ എച്ച്.എസ്.ടി (ഗണിതം) തസ്തികയിലെ 06/06/2014 മുതലുള്ള നിയമനം അംഗീകരിച്ചിട്ടുണ്ട്.

മേൽ സൂചിപ്പിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ടിയാളുടെ 1.6.2018 മുതലുള്ള യു.പി.എസ്.ടി തസ്തികയിലെ നിയമനം അംഗീകരിച്ചു നൽകുന്നതിനുള്ള എല്ലാ ന്യൂനതകളും ഇല്ലാതായിരിക്കുന്നു എന്നും പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 31.3.2017 തീയതിയിലെ ബി3/2940/2016 കെ.ഡിസ് നമ്പർ പ്രകാരം അംഗീകരിച്ച മാനേജരായ ശ്രീ. കെ.പത്മദാസ് അവർകളാണ് ടിയാൾക്ക് നിയമനം നൽകിയിട്ടുള്ളത് എന്നും ശ്രീമതി. ദിവ്യ വാദിക്കുന്നു.

ശ്രീ. ഗോപകുമാർ യു.പി.എസ്.ടി യുടെ എച്ച്.എസ്.ടി (ഗണിതം) സ്ഥാനക്കയറ്റം എച്ച്.എസ്.ടി (ഗണിതം) തസ്തിക ഒഴിവുണ്ടായ 1.6.2017 മുതൽക്ക് തന്നെ നൽകേണ്ടതാണെന്ന് കേരള വിദ്യാഭ്യാസ നിയമം അദ്ധ്യായം XIV (A) ചട്ടം 43-ലെ ഉപചട്ടം (2) ൽ അസന്ദിഗ്ധമായി വ്യക്തമാക്കുന്നു.

കൊല്ലങ്കോട് വൈ.എം.ജി.എച്ച്.എസ്-ലെ എച്ച്.എസ്.ടി (ഗണിതം) ആയ ശ്രീമതി. ഇ.കെ. പ്രീതയ്ക്ക് 1.6.2018 മുതൽ ബി.എസ്.എസ്.എച്ച്.എസ്-ൽ പ്രധാന അദ്ധ്യാപികയായി സ്ഥാനക്കയറ്റം നൽകിയതു മൂലം വൈ.എം.ജി.എച്ച്.എസ്-ൽ ഉണ്ടായിട്ടുള്ള എച്ച്.എസ്.ടി (ഗണിതം) ഒഴിവിലേക്ക് ബി.എസ്.എസ്.എച്ച്.എസ്-ലെ യു.പി.എസ്.ടി ആയ ശ്രീ. ആർ. ഗോപകുമാറിന്റെ 1.6.2017 മുതലുള്ള എച്ച്.എസ്.ടി (ഗണിതം) തസ്തികയിലെ സ്ഥാനക്കയറ്റം

നിയമനം മാനേജർ ഇൻ ചാർജ്ജായ പാലക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസർ 31/03/25 തീയതിയിലെ ബി3/816316/25 നമ്പർ നടപടി ഉത്തരവ് പ്രകാരം 03/02/2025 തീയതി മുതൽ അംഗീകരിച്ച് നൽകിയിട്ടുള്ളതുമാകുന്നു.

മേൽ സൂചിപ്പിച്ച വസ്തുതകൾ ഒന്നും പരിഗണിക്കാതെയാണ് തന്റെ യു.പി.എസ്.ടി തസ്തികയിലെ 1.6.2018 മുതലുള്ള നിയമനം പാലക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസർ 20/05/2025 തീയതിയിലെ DEOPKD/395/2025-B3 നമ്പർ നടപടി ഉത്തരവ് പ്രകാരം നിരസിച്ച് നൽകിയിരിക്കുന്നത്.

ടിയാളുടെ വിവാഹം മിശ്രവിവാഹമാണ് എന്നതുകൊണ്ട് തന്നെ അതിന്റേതായ സാമൂഹികവും സാമ്പത്തികവുമായ എല്ലാ പ്രയാസങ്ങളും അനുഭവിക്കേണ്ടി വരുന്നുണ്ട് എന്നും സാമ്പത്തിക പരാധീനതകൾ അനുഭവിക്കുന്ന കുടുംബത്തിന് എന്തെങ്കിലും ശാശ്വത നടപടി ഉണ്ടാകണമെന്നും അഭ്യർത്ഥിക്കുന്നു.

ശ്രീ.ആർ.ഗോപകുമാറിന്റെ 01/06/2017 മുതലുള്ള എച്ച്.എസ്.ടി (ഗണിതം) തസ്തികയിലെ സ്ഥാനക്കയറ്റം അംഗീകരിച്ച് നൽകുവാനും, തദനുസരണം തന്റെ 01/06/2018 മുതലുള്ള യു.പി.എസ്.ടി തസ്തികയിലെ നിയമനം അംഗീകരിക്കുവാനും ഇടപെടൽ ഉണ്ടാകണമെന്ന് ശ്രീമതി. ദിവ്യ ബി. അഭ്യർത്ഥിച്ചിരിക്കുന്നു.

**3. പൊതുവിദ്യാഭ്യാസ ഡയറക്ടർ, പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവരുടെ സമാനമായ റിപ്പോർട്ട് ഇപ്രകാരമായിരുന്നു:**

"ബി.എസ്.എസ്.എച്ച്.എസ്-ലെ യു.പി.എസ്.ടി. ആയ ശ്രീ. ആർ. ഗോപകുമാറിനെ 01/06/2017 മുതൽ എച്ച്.എസ്.ടി (ഗണിതം) ആയി സ്ഥാനക്കയറ്റം നൽകി നിയമിച്ച ഒഴിവിലാണ് ഹർജിക്കാരിയെ 01/06/2018 മുതൽ നിയമിച്ചിട്ടുള്ളത്. ഈ സ്കൂളിലെ എച്ച്.എസ്.ടി ഗണിതം ആയിരുന്ന ശ്രീമതി. കെ. എം. ശ്യാമ ദീർഘകാല ശൂന്യവേതനാവധി എടുത്ത ഒഴിവിലാണ് ശ്രീ. ഗോപകുമാറിനെ എച്ച്.എസ്.ടി ഗണിതം ആയി നിയമിച്ചിട്ടുള്ളത്. ഈ നിയമനം 03/01/2019-ലെ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് പ്രകാരം നിരസിച്ച് ഉത്തരവായിട്ടുള്ളതാണ്. കൊല്ലങ്കോട് ബി.എസ്.എസ്.എച്ച്.എസ്-ന്റെ 2018-19 വർഷത്തെ തസ്തിക നിർണ്ണയത്തിൽ കുട്ടികളുടെ കുറവ് മൂലം ഈ സ്കൂളിൽ നിലവിലുണ്ടായിരുന്ന നാല് എച്ച്.എസ്.ടി. ഫിസിക്കൽ സയൻസ് തസ്തികകൾ മൂന്നെണ്ണമായി കുറയുകയും തൽഫലമായി ശ്രീ. ഗോപകുമാറിന് സ്ഥാനക്കയറ്റം നൽകിയിരുന്ന തസ്തിക നഷ്ടപ്പെടുകയും ചെയ്തു. ശ്രീമതി. ശ്യാമ കെ.എം. 25/01/2018 മുതൽ രാജിവച്ചിട്ടുണ്ടെങ്കിലും മാനേജ്മെന്റ് തർക്കവുമായി ബന്ധപ്പെട്ട് കേസ് നിലനിൽക്കുന്നതിനാൽ രാജി ഈ ഓഫീസിൽ നിന്ന് അംഗീകരിച്ച് നൽകിയിട്ടില്ല. തുടർന്ന് അവർ റിട്ടയർ ചെയ്യുകയും ചെയ്തു. രാജി അംഗീകരിച്ച് നൽകിയാലും തസ്തിക നിലവിലില്ലാത്തതിനാൽ ശ്രീ. ഗോപകുമാറിനെ യു.പി.എസ്.ടി തസ്തികയിൽ തന്നെയാണ് തുടർന്ന് നിലനിർത്തേണ്ടത്. മാത്രമല്ല ശ്രീ. ഗോപകുമാറിന്റെ എച്ച്.എസ്.ടി ഗണിതം നിയമനം നിരസിച്ചതിനെ തുടർന്ന് പ്രസ്തുത അദ്ധ്യാപകൻ ബി.എസ്.എസ്.എച്ച്.എസ് കൊല്ലങ്കോട്-ൽ എച്ച്.എസ്.ടി തസ്തികയിൽ ജോലി ചെയ്യുകയുണ്ടായില്ല എന്നും യു.പി.എസ്.ടി തസ്തികയിൽ തന്നെയാണ് ജോലി ചെയ്തിട്ടുള്ളത് എന്നും അറ്റൻഡൻസ് തുടങ്ങിയ രേഖകൾ

പരിശോധിച്ചതിൽ നിന്ന് മനസ്സിലാക്കുന്നു.

ശ്രീ. ഗോപകുമാർ ഉൾപ്പെടെയുള്ള ചട്ടം 43 അവകാശികളായ യു.പി.എസ്.ടി. അദ്ധ്യാപകർ തങ്ങൾക്ക് അർഹമായ എച്ച്.എസ്.ടി തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകണമെന്ന അപേക്ഷ ഈ സ്കൂളിന്റെ താൽക്കാലിക മാനേജർ കൂടിയായ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകിയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ഗോപകുമാറിന് വൈ.എം.ജി.എച്ച്.എസ് കൊല്ലങ്കോട്-ലെ എച്ച്.എസ്.ടി ഗണിതം അദ്ധ്യാപികയായിരുന്ന ശ്രീമതി. ഇ.കെ. പ്രീതയെ 01/05/2018 മുതൽക്ക് പ്രധാനാദ്ധ്യാപികയായി സ്ഥാനക്കയറ്റം നൽകിയതു മൂലം ഉണ്ടായിട്ടുള്ള എച്ച്.എസ്.ടി ഗണിതം തസ്തികയിലേക്ക് 03/02/2025 തീയതി പ്രാബല്യത്തിൽ സ്ഥാനക്കയറ്റം നൽകി ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും ഉത്തരവാകുകയും പ്രസ്തുത നിയമനം 03/02/2025 തീയതി മുതൽക്ക് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ശ്രീമതി. ദിവ്യ ബി. യുടെ 01/06/2018 മുതലുള്ള യു.പി.എസ്.ടി നിയമനം 01/06/2018 മുതൽ നിയമനാംഗീകാരം നൽകണമെന്ന ഹർജിക്കാരിയുടെ ആവശ്യം അംഗീകരിക്കുന്നതിന് കഴിയില്ല എന്ന് കാണുന്നു. കൂടാതെ ശ്രീമതി. ദിവ്യ ബി. യു.പി.എസ്.ടി യായി നിയമിക്കപ്പെട്ട 01/06/2018 ന് അവർ കെ.ടെറ്റ് യോഗ്യത നേടിയിട്ടില്ല. അവർ പ്രസ്തുത യോഗ്യത നേടിയിട്ടുള്ളത് 13/12/2018ന് മാത്രമാണ്.

കൊല്ലങ്കോട് ബി.എസ്.എസ്.എച്ച്.എസ്-ൽ നിലനിന്നിരുന്ന 4 യു.പി.എസ്.ടി തസ്തികകൾ മൂന്നെണ്ണമായി 2024-25 വർഷത്തെ തസ്തിക നിർണ്ണയത്തിൽ കുറയുകയും തുടർന്ന് ഹർജിക്കാരിയെ നിയമിച്ചിട്ടുള്ള UPST തസ്തികയിൽ നിയമനാംഗീകാരം ലഭിക്കുന്ന പക്ഷം തുടർച്ച നഷ്ടപ്പെടാതിരിക്കുന്നതിനായി വൈ.എം.ജി.എച്ച്.എസ് കൊല്ലങ്കോട് നിലവിലുണ്ടായിരുന്ന യു.പി.എസ്.ടി ഒഴിവിലേക്ക് പ്രസ്തുത തസ്തികയിൽ യാതൊരു അവകാശവും ഭാവിയിൽ ഉണ്ടായിരിക്കുന്നതല്ല എന്നുള്ള വ്യവസ്ഥയിൽ താൽക്കാലികമായി മാറ്റി DEOPKD/1288/2024-B3 തീയതി 16.8.2024 പ്രകാരം ഈ സ്കൂളുകളുടെ താൽക്കാലിക മാനേജർ എന്ന നിലയ്ക്ക് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവായിരുന്നു എന്നും നിലവിൽ ഹർജിക്കാരി നിയമിക്കപ്പെട്ട കൊല്ലങ്കോട് ബി.എസ്.എസ്.എച്ച്.എസ്-ൽ തസ്തികയില്ലാത്ത സ്ഥിതിയിൽ വൈ.എം.ജി.എച്ച്.എസ് കൊല്ലങ്കോട്-ലാണ് നിലനിർത്തിയിരിക്കുന്നത് എന്നുള്ള വിവരവും ബോധിപ്പിച്ചിരിക്കുന്നു.

ബി.എസ്.എസ്.എച്ച്.എസ് കൊല്ലങ്കോട്, വൈ.എം.ജി.എച്ച്.എസ്. കൊല്ലങ്കോട് എന്നീ സ്കൂളുകൾ ബി.എസ്.എസ്.എജ്യൂക്കേഷണൽ സൊസൈറ്റി എന്ന കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള സ്കൂളുകളാണ്. ഈ സ്കൂളുകളുടെ മാനേജ്മെന്റ് സംബന്ധിച്ച് തർക്കം നിലവിലുള്ളതും ആയത് ബഹുമാനപ്പെട്ട കോടതികളുടെ പരിഗണനയിലുള്ള വിഷയവുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ പുതിയ നിയമനം ഒഴികെയുള്ള ദൈനംദിന ഭരണ കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് ഈ സ്കൂളുകളുടെ താൽക്കാലിക മാനേജരായി പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറുടെ ഉത്തരവ് നം.ഇ.എം1/4673/2021/ഡി.ജി.ഇ തീയതി 20/09/2022 പ്രകാരം പാലക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസറെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ശ്രീ. ഗോപകുമാറിന് YMGHS കൊല്ലങ്കോട്-ൽ HST

(ഗണിതം) തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയ 3/2/25 മുതൽ മാത്രമേ ശ്രീമതി. ദിവ്യയെ നിയമിച്ച യു.പി.എസ്.ടി. തസ്തിക വ്യവസ്ഥാപിതമാകുകയുള്ളൂവെന്നും ആയതിനാൽ 01/06/2018 മുതൽ ശ്രീമതി. ദിവ്യക്കു കൊല്ലങ്കോട് ബി.എസ്.എസ്.എച്ച്.എസ്-ൽ യു.പി.എസ്.ടി. തസ്തികയിൽ നിയമനംഗീകാരം നൽകണമെന്ന ഹർജിക്കാരിയുടെ ആവശ്യം അംഗീകരിക്കുവാൻ കഴിയുകയില്ല എന്നും അറിയിക്കുന്നു.

**4 .** പാലക്കാട് കൊല്ലങ്കൊട് ബി.എസ്.എസ്. ഹയർ സെക്കണ്ടറി സ്കൂളിലെ യു.പി.എസ്.ടി. ശ്രീമതി. ദിവ്യ ബി.യുടെ 01/06/2018 മുതലുള്ള നിയമനം അംഗീകരിക്കണമെന്ന ആവശ്യം സംബന്ധിച്ച് സമർപ്പിച്ച പുനഃപരിശോധന ഹർജി വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, ഹിയറിങ് വേളയിൽ സമർപ്പിച്ചിരുന്ന വാദം, കെ.ഇ. ആർ. ചട്ടങ്ങൾ, നിലവിലുള്ള സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. BSS Educational society യുടെ കീഴിൽ തുടർന്നു വന്നിരുന്ന ബി.എസ്.എസ്.എച്ച്.എസ് കൊല്ലങ്കോട്, വൈ.എം.ജി.എച്ച്.എസ്. കൊല്ലങ്കോട് എന്നീ സ്കൂളുകളിൽ മാനേജ്മെൻറ് തർക്കം നിലവിലുണ്ടായിരുന്നതായി വ്യക്തമാണ്. ആലത്തൂർ സിദ്ധാശ്രമം ട്രസ്റ്റിന്റെ ഉടമസ്ഥതയിൽ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടതാണ് BSS എഡ്യൂക്കേഷണൽ സൊസൈറ്റി എന്നും ടി സൊസൈറ്റിയുടെ അംഗീകരിക്കപ്പെട്ട ബൈലോ പ്രകാരം സൊസൈറ്റിയിലുൾപ്പെട്ടു വരുന്ന സ്കൂളുകളുടെ മാനേജർ ആശ്രമ മഠാധിപതിയാണെന്നും സൊസൈറ്റിയിലെ അംഗങ്ങളുടെ നിയമനം സംബന്ധിച്ച് ബൈലോ ഭേദഗതി ഉണ്ടായിട്ടില്ലെന്നും ആനന്ദ മഹാസഭ മുൻ സെക്രട്ടറിയായ ശ്രീ. പത്മദാസും മറ്റൊരാളും ചേർന്ന് എഡ്യൂക്കേഷണൽ സൊസൈറ്റിയുടെ മാനേജരായുള്ള തന്റെ നിയമനത്തിന് അംഗീകാരം നൽകണമെന്നാവശ്യപ്പെട്ടു കൊണ്ടു പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുമ്പാകെ സമർപ്പിച്ചിരുന്ന അപേക്ഷ പ്രകാരം പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 31/03/2017-ലെ ഉത്തരവ് പ്രകാരം ശ്രീ. പത്മദാസിന്റെ നിയമനത്തിന് അംഗീകാരം നല്കുകയുണ്ടായെന്നും വ്യാജരേഖ ചമച്ചു കൊണ്ടാണ് ശ്രീ. പത്മദാസ് എഡ്യൂക്കേഷണൽ സൊസൈറ്റിയുടെ മാനേജർ പദവി കൈവശപ്പെടുത്തിയത് എന്നതിനാൽ ആയതിനെതിരെ ആലത്തൂർ മുൻസിഫ് കോടതിയിൽ ഫയൽ ചെയ്തിരുന്ന കേസുകളിൽ സിദ്ധാശ്രമത്തിനു അനുകൂലവിധി ലഭ്യമായിട്ടുണ്ടെന്നും ശ്രീമതി. ദിവ്യയെ താനോ മുൻ മഠാധിപതിയോ നിയമിച്ചിട്ടില്ലെന്നും ആയതിനാൽ ടിയാളുടെ നിയമനം പരിഗണനാർഹമല്ലെന്നും സിദ്ധാശ്രമം പ്രസിഡന്റ് അറിയിക്കുകയുണ്ടായി.

വിഷയം പരിശോധിച്ചതിൽ സൊസൈറ്റീസ് ആക്ട് പ്രകാരം രൂപീകരിക്കപ്പെട്ട BSS എഡ്യൂക്കേഷണൽ സൊസൈറ്റിയിൽ 19/6/09 -**ലെ** എക്സിക്യൂട്ടീവ് കമ്മിറ്റി യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തന്നെ സൊസൈറ്റി മാനേജരായി നിയമിക്കണമെന്ന ശ്രീ. പത്മദാസിന്റെ അപേക്ഷ അംഗീകരിച്ചു കൊണ്ട് പുറപ്പെടുവിച്ച പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 31/03/2017-ലെ ഉത്തരവ്, 27/6/2019-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ EM1/22095/19/DGE/K-Dis ഉത്തരവ് പ്രകാരം റദ്ദാക്കിയിരുന്നതും മാനേജ്മെൻറ് തർക്കവുമായി ബന്ധപ്പെട്ട് ആലത്തൂർ മുൻസിഫ് കോടതിയിൽ ഫയൽ ചെയ്തിരുന്ന OS No. 196/09, 145/11, 175/10 എന്നിവയിൽ 12/4/2019-ലെ വിധിപ്രകാരം 19/6/2009-ലെ എക്സിക്യൂട്ടീവ് യോഗ തീരുമാനം

അസാധുവാക്കിക്കൊണ്ടു ഉത്തരവായതുമാണ്. ശ്രീ. പത്മദാസിനെ 11/6/2016 മുതൽ രണ്ടു വർഷത്തേക്ക് BSS എഡ്യൂക്കേഷണൽ സൊസൈറ്റി മാനേജരാക്കിക്കൊണ്ടു ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ ആയതു നിലവിൽ കോടതിയിൽ ഫയൽ ചെയ്തിരിക്കുന്ന കേസുകളുടെ തീർപ്പിനു വിധേയമായിരിക്കുമെന്നു രേഖപ്പെടുത്തിയിരുന്നു. ശ്രീ. പത്മദാസാണ് തന്നെ നിയമിച്ചിരുന്നത് എന്ന് ശ്രീമതി. ദിവ്യ അപേക്ഷയിൽ പറഞ്ഞിരിക്കുന്നതിലൂടെ കൊല്ലങ്കോട് ബി.എസ്.എസ്.എച്ച്.എസ്-ൽ 01/06/2018 മുതലുള്ള ശ്രീമതി. ദിവ്യയുടെ UPST തസ്തികയിലെ നിയമനം പരിഗണനാർഹമല്ല എന്ന് കാണാവുന്നതാണ്. മാനേജ്മെൻറ് തർക്കം ഒഴിവാക്കിയാൽ തന്നെ ബി.എസ്.എസ്. ഹയർ സെക്കണ്ടറി സ്കൂളിൽ 01/06/2017 മുതൽ ശ്രീ. ഗോപകുമാറിനെ HST(Maths) ആയി നിയമിച്ചിരിക്കുന്നത് ശ്രീമതി. ശ്യാമ ദീർഘകാല ശൂന്യവേതനാവധിയിൽ പ്രവേശിച്ച ഒഴിവിലാണെന്നതിനാലും ടി ശൂന്യവേതനാവധി അപേക്ഷയും ശ്രീമതി. ശ്യാമ സമർപ്പിച്ച 25/01/2018 മുതലുള്ള രാജി അപേക്ഷയും മാനേജ്മെൻറ് തർക്കത്തെത്തുടർന്നു അംഗീകരിക്കാതിരുന്നതിനാലും 2018-19 അദ്ധ്യയന വർഷത്തിലെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം ഒരു എച്ച്.എസ്.ടി. തസ്തിക കുറവു വന്നതിനാൽ ശ്രീ. ഗോപകുമാറിന് തുടരുവാൻ തസ്തികയില്ലാത്തതിനാൽ ടിയാനെ യു.പി.എസ്.ടി. തസ്തികയിൽ തന്നെയാണ് നിലനിർത്തേണ്ടത് എന്നതിനാലും ശ്രീ. ഗോപകുമാറിന്റെ സ്ഥാനക്കയറ്റ ഒഴിവിൽ 01/06/2018 മുതൽ യു.പി.എസ്.ടി. തസ്തികയിൽ ശ്രീമതി. ദിവ്യയുടെ നിയമനം സാധ്യമല്ല. ശ്രീ. ഗോപകുമാറിന്റെ എച്ച്.എസ്.ടി ഗണിതം നിയമനം നിരസിച്ചതിനെ തുടർന്ന് പ്രസ്തുത അദ്ധ്യാപകൻ ബി.എസ്.എസ്.എച്ച്.എസ്.എസ്. കൊല്ലങ്കോട്-ൽ എച്ച്.എസ്.ടി തസ്തികയിൽ ജോലി ചെയ്യുകയുണ്ടായില്ല എന്നും യു.പി.എസ്.ടി തസ്തികയിൽ തന്നെയാണ് ജോലി ചെയ്തിട്ടുള്ളത് എന്നും അറ്റൻഡൻസ് രേഖകൾ പരിശോധിച്ചതിൽ നിന്ന് മനസ്സിലാക്കുന്നു എന്ന് പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

20/9/2022 -ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ EM1/14673/21 നമ്പർ ഉത്തരവ് പ്രകാരം പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറെ ബി.എസ്.എസ്. എഡ്യൂക്കേഷണൽ സൊസൈറ്റിയുടെ താത്കാലിക മാനേജരായി നിയമിച്ചിട്ടുണ്ട്. സീനിയർ അധ്യാപകനായ ശ്രീ. അരുൺ ബാബുവിന്റെ എച്ച്.എസ്.ടി. (Maths) തസ്തികയിലെ നിയമനം 06/06/2014 മുതൽ അംഗീകരിക്കുകയും കൊല്ലങ്കോട് വൈ.എം.ജി.എച്ച്.എസ്-ൽ എച്ച്.എസ്.ടി. (Maths) ആയിരുന്ന ശ്രീമതി. ഇ.കെ. പ്രീതക്ക് 01/05/2018 മുതൽ പ്രധാനാധ്യാപികയായി സ്ഥാനക്കയറ്റം ലഭ്യമായതു മൂലം സംജാതമായ എച്ച്.എസ്.ടി. ഒഴിവിൽ 03/02/2025 മുതലുള്ള ശ്രീ. ഗോപകുമാറിന്റെ നിയമനം 31/03/2025-ലെ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് പ്രകാരം അംഗീകരിക്കുകയും ചെയ്തതിനാൽ വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്തിരിക്കുന്ന പ്രകാരം 03/02/2025 മുതൽക്കു മാത്രമേ ശ്രീമതി. ദിവ്യയെ നിയമിച്ചിട്ടുള്ള യു.പി.എസ്.ടി. തസ്തിക വ്യവസ്ഥാപിതമാകുകയുള്ളൂ. ആയതിനാൽ ബി.എസ്.എസ്. എഡ്യൂക്കേഷണൽ സൊസൈറ്റിയുടെ കീഴിലുള്ള കൊല്ലങ്കോട് ബി.എസ്.എസ്.എച്ച്.എസ്.എസ്സ്-ൽ യു.പി.എസ്.ടി തസ്തികയിൽ ശ്രീമതി. ദിവ്യയുടെ 01/06/2018 മുതലുള്ള നിയമനം വ്യവസ്ഥാപിത ഒഴിവിലല്ല.

5 . മേൽ സാഹചര്യത്തിൽ, കൊല്ലങ്കോട് ബി.എസ്.എസ്. ഹയർ സെക്കണ്ടറി സ്കൂളിൽ യു.പി.എസ്.ടി. ആയിരുന്ന ശ്രീ. ആർ. ഗോപകുമാറിന് കൊല്ലങ്കോട് വൈ.എം.ജി.എച്ച്.എസ്.-ൽ എച്ച്.എസ്.ടി. ഗണിതം തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയ 03/02/2025 മുതൽക്ക് മാത്രമേ ശ്രീമതി. ദിവ്യ ബി. യെ നിയമിച്ചിട്ടുള്ള യു.പി.എസ്.ടി. തസ്തിക വ്യവസ്ഥാപിതമാകുകയുള്ളൂ എന്നതിനാൽ 01/06/2018 മുതൽ നിയമനാംഗീകാരം നൽകണമെന്ന പരാമർശം (2) ഹർജിയിലെ ആവശ്യം നിരസിച്ചു കൊണ്ട് അപ്രകാരം ടി പുന:പരിശോധന ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA R S
അഡിഷണൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട് - 678 001.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട് - 678 001.
കോർപ്പറേറ്റ് മാനേജർ, ബി.എസ്.എസ്. എഡ്യൂക്കേഷണൽ സൊസൈറ്റി, ആലത്തൂർ, പാലക്കാട് - 678 541.
ശ്രീമതി. ദിവ്യ ബി., യു.പി.എസ്.ടി., ബി.എസ്.എസ്. ഹയർ സെക്കണ്ടറി സ്കൂൾ, കൊല്ലങ്കോട്, പാലക്കാട് - 678 506.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ (ജെ.എ.) വകുപ്പ് (GE-JA1/97/2026-G.EDN dt. 01/04/2026).
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ (GEDN-B3/157/2025-G.EDN).

ഉത്തരവിൻ പ്രകാരം

Signed by
Ragasmitha V M
Date: 16-06-2026 15:41:02
സെക്ഷൻ ഓഫീസർ